പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2445 — 11.10.2011 - ൽ മറുപടിക്ക്

## പോളിടെക്നിക്കുകളുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻനായർ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ പോളിടെക്നിക്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | എ) സംസ്ഥാന ബജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുകയും യന്ത്രോപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ മാനവശേഷി വികസന മന്ത്രാലയത്തിൽ നിന്നും അടിസ്ഥാന സൗകര്യ വികസനത്തിനും വനിതാ ഹോസ്റ്റൽ ഇല്ലാത്ത പോളിടെക്നിക്കുകളിൽ വനിതാ ഹോസ്റ്റൽ നിർമ്മിക്കുന്നതിനും സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) ഇതിനായി എത്ര കോടി രൂപയുടെ കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ട്; | ബി) നിലവിലുള്ള പോളിടെക്നിക്കുകളുടെ പുനരുദ്ധാരണത്തിന് ആദ്യഗഡുവായി 460 ലക്ഷം രൂപയും വനിതാ ഹോസ്റ്റൽ നിർമാണത്തിന് ആദ്യഗഡുവായി 1090 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. |
| സി) അടിസ്ഥാന സൗകര്യ വികസനം സാദ്ധ്യമാകുന്നതിനുള്ള നടപടി എന്നു ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്? | സി) അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കാലാകാലങ്ങളിൽ പോളിടെക്നിക്കുകളിൽ നടന്നുവരുന്ന തുടർപ്രക്രിയയാണ്. മാനവശേഷി വികസന വകുപ്പ് മന്ത്രാലയം വഴി ലഭ്യമായ തുക ഉപയോഗിച്ചുള്ള അടിസ്ഥാന സൗകര്യ വികസനവും ദ്രുതഗതിയിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ